കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമന്യായാലയം തുടങ്ങുന്നതിന് കല്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള വൈത്തിരി ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ്. ഓഫീസ് പ്രവർത്തിക്കുന്ന 11/556 നമ്പർ കെട്ടിടം, ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് പൊസഷൻ ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

**സ.ഉ.(സാധാ) 1123/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 04-03-2016**

പരാമർശം:
1. സ.ഉ.(കൈ)86/2011/ആഭ്യന്തരം തീയതി 01.03.2011
2. 28.06.2014 ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.
3. സ.ഉ.(സാധാ) 3016/2014/തസ്വഭവ തീയതി 20.11.2014
4. ഗ്രാമവികസന കമ്മീഷണറുടെ 30.01.2016 ലെ 4902/ജെ.ആർ.വൈ.2/2013/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം അനുമതി നൽകിയ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എട്ട് ബ്ലോക്ക് പഞ്ചായത്തുകളിലെ കെട്ടിടങ്ങളുടെ ഉടമസ്ഥത ഗ്രാമവികസന വകുപ്പിൽ നിലനിർത്തി ഗ്രാമന്യായാലയങ്ങൾ തുടങ്ങുന്നതിന് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. ഗ്രാമന്യായാലയം പ്രവർത്തനം തുടങ്ങുന്നതിനായി കല്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള വൈത്തിരി ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ്. ഓഫീസ് പ്രവർത്തിക്കുന്ന 11/556 നമ്പർ കെട്ടിടം ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് താൽക്കാലികമായി വിട്ട് നൽകുന്നതിന് സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഗ്രാമന്യായാലയം പ്രവർത്തനം തുടങ്ങുന്നതിനായി കല്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള വൈത്തിരി ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ്. ഓഫീസ് പ്രവർത്തിക്കുന്ന 11/556 നമ്പർ കെട്ടിടം ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ടും കെട്ടിടത്തിന്റെ പൊസഷൻ മാത്രം ഹൈക്കോടതി രജിസ്ട്രാർക്ക്

കൈമാറിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.ജെ. ഉണ്ണികൃഷ്ണൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

To

1. രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി കൊച്ചി, പിൻ-682 031.
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കല്പറ്റ (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. നിയമ വകുപ്പ്
7. ധനകാര്യ വകുപ്പ്
8. ആഭ്യന്തര(സി) വകുപ്പ്
9. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ